# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/144/2018 2018 ജൂലൈ 5

## പത്രക്കുറിപ്പ്

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.സി.എ/ ബി.എസ്.സി കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (യു.ജി 2016 അഡ്മിഷൻ റെഗുലർ/2013-2015 അഡ്മിഷൻ റീ- അപ്പിയറൻസ്) സി.ബി.സി.എസ്.എസ് ഏപ്രിൽ 2018 ബിരുദ പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജൂലൈ 12,13 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.ജെ.എം.സി (റഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 18 വരെ അപേക്ഷിക്കാം.

**റിസർച്ച് ഫെല്ലോയുടെ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് ബയോസയൻസിൽ രണ്ട് ജൂനിയർ റിസേർച്ച് ഫെല്ലോയുടെ ഒഴിവുണ്ട്. വിശദ വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സീറ്റ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് ലെറ്റേഴ്സ് 2018-20 ബാച്ച് ഒന്നാം വർഷ എം.എ മലയാളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി ഒരു സീറ്റ് ഒഴിവ് ഉണ്ട്. യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജൂലൈ 9 ന്, ഉച്ചയ്ക്ക് 12 മണിക്ക് സ്കൂളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**